REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 30-04-2026 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- പശ്ചിമബംഗാളിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ രണ്ട് ഘട്ടങ്ങളിലെ പോളിംഗ് സർവകാല റെക്കോർഡിട്ടതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.
- നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും എക്സിറ്റ്പോൾ ഫലങ്ങൾ പുറത്തുവന്നു.
- വയനാട് മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ്പിലെ നിർമ്മാണം പൂർത്തിയായ 178 വീടുകളും ഇന്ന് കിഫ്കോണിനു കൈമാറും.
- സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നെടുമ്പാശ്ശേരി ഹജ്ജ് ക്യാമ്പ് ആരംഭിച്ചു.
- IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പശ്ചിമബംഗാളിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ രണ്ട് ഘട്ടങ്ങളിലെ പോളിംഗ് സർവകാല റെക്കോർഡ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇന്നലെ വൈകിട്ട് 7-45 വരെ ലഭിച്ച കണക്കനുസരിച്ച് രണ്ടാം ഘട്ടത്തിൽ 91.66 ശതമാനമാണ് വോട്ടിംഗ്. ആദ്യഘട്ടത്തിൽ 93.19 ശതമാനവും പോളിംഗ് ഉണ്ടായി. ഇതോടെ ശരാശരി പോളിംഗ് 92.47 ശതമാനമെന്ന റെക്കോർഡിലേക്കുയർന്നു. ഇതിനു മുമ്പ് 2011 ൽ രേഖപ്പെടുത്തിയ 84.72 ശതമാനമായിരുന്നു പശ്ചിമബംഗാളിലെ ഉയർന്ന പോളിംഗ്. മുഴുവൻ കണക്കുകളും ലഭ്യമാകുന്നതോടെ വോട്ടിംഗ് ശതമാനം ഇനിയും ഉയർന്നേക്കും.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും, കമ്മീഷണർമാരായ ഡോ. SS സന്ധുവും, ഡോ. വിവേക് ജോഷിയും ലൈവ് വെബ്കാസ്റ്റിംഗിലൂടെ വോട്ടെടുപ്പ് നീരീക്ഷിച്ചു.

✪✪✪

നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എക്സിറ്റ്പോൾ ഫലങ്ങൾ പുറത്തുവന്നു. കേരളത്തിൽ 75 മുതൽ 90 വരെ സീറ്റുമായി UDF ഭരണത്തിലെത്തുമെന്നാണ് എല്ലാ എക്സിറ്റ്പോളുകളും പ്രവചിക്കുന്നത്. LDF ന് 45 മുതൽ 60 വരെ സീറ്റുകളും ലഭിച്ചേക്കുമെന്ന് എക്സിറ്റ്പോളുകൾ പറയുന്നു. NDA സഖ്യം അഞ്ച് സീറ്റ് വരെ നേടിയേക്കുമെന്നും പല എക്സിറ്റ്പോളുകളും വിലയിരുത്തി.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)...

തമിഴ്നാട്ടിൽ DMK സഖ്യത്തിന് തുടർഭരണം ലഭിക്കുമെന്നാണ് മിക്ക എക്സിറ്റ്പോളുകളും പ്രവചിക്കുന്നത്. DMK മുന്നണിക്ക് 112 മുതൽ 140 വരെ സീറ്റുകളും, അണ്ണാ DMK കൂട്ടുകെട്ടിന് 60 മുതൽ 100 വരെ സീറ്റുകളും ലഭിക്കുമെന്നാണ് വിലയിരുത്തൽ.

പുതുച്ചേരിയിൽ NDA സഖ്യം 16 മുതൽ 20 വരെ സീറ്റ് നേടിയേക്കുമെന്നും, DMK - കോൺഗ്രസ് സഖ്യത്തിന് ആറ് മുതൽ എട്ട് വരെ സീറ്റ് ലഭിച്ചേക്കുമെന്നും എക്സിറ്റ്പോളുകൾ പ്രവചിക്കുന്നു.

പശ്ചിമബംഗാളിൽ BJP അധികാരത്തിലെത്തുമെന്ന് ഏതാനും എക്സിറ്റ്പോളുകൾ പ്രവചിക്കുമ്പോൾ, മറ്റു ചില ഏജൻസികൾ, തൃണമൂൽ കോൺഗ്രസിന് തുടർഭരണം ലഭിക്കുമെന്ന വിലയിരുത്തലിലാണ്. BJP യ്ക്ക് 140 മുതൽ 160 വരെ സീറ്റുകളും, TMC യ്ക്ക് 120 മുതൽ 140 വരെ സീറ്റുകളും ലഭിച്ചേക്കുമെന്നാണ് പ്രവചനം.

അസമിൽ BJP യ്ക്ക് തുടർഭരണം ലഭിച്ചേക്കുമെന്നും എക്സിറ്റ്പോളുകൾ പറയുന്നു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെണ്ണലിന് കേരളമടക്കം സംസ്ഥാനങ്ങളിൽ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. തിങ്കളാഴ്ച രാവിലെ എട്ടിന് എല്ലായിടത്തെയും വോട്ടെണ്ണൽ ആരംഭിക്കും.

തപാൽ വോട്ടുകൾ ആദ്യം എണ്ണിയ ശേഷം അര മണിക്കൂർ കഴിഞ്ഞ് വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണാൻ ആരംഭിക്കും. കൗണ്ടിങ് ഏജന്റുമാരുടെ പട്ടിക വോട്ടെണ്ണൽ തീയ്യതിക്കു മൂന്നു ദിവസം മുൻപ് റിട്ടേണിങ് ഓഫിസർമാർക്ക് നൽകണമെന്നാണ് നിർദ്ദേശം. ഓരോ ഏജന്റിന്റെയും ഐഡന്റിറ്റി കാർഡുകൾ റിട്ടേണിങ് ഓഫിസർമാർ തയ്യാറാക്കി സ്ഥാനാർത്ഥികൾക്ക് കൈമാറും. ജില്ലകളിൽ കലക്ടർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി ഒരുക്കങ്ങൾ ചർച്ച ചെയ്തു. കൗണ്ടിംഗ് ചുമതലക്കാരായ ഉദ്യോഗസ്ഥരുടെ പരിശീലനം തുടരുകയാണ്.

✪✪✪

ബെംഗളൂരുവിൽ ഇന്നലെ കനത്ത മഴയിൽ ആശുപത്രിയുടെ ചുറ്റുമതിൽ ഇടിഞ്ഞുവീണ് രണ്ട് മലയാളികൾ അടക്കം ഏഴു പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും ദുഃഖം അറിയിച്ചു. സംഭവം വേദനാജനകമാണെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മരിച്ചവരുടെ കുടുംബങ്ങളെ അനുശോചനം അറിയിച്ച ഉപരാഷ്ട്രപതി, പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്ന് ആശംസിച്ചു.

ലേഡി കഴ്സൺ ആശുപത്രിക്ക് സമീപത്തെ മതിൽ ഇടിഞ്ഞുവീണാണ് ഇന്നലെ വൈകിട്ട് മൂന്ന് കുട്ടികൾ ഉൾപ്പെടെ ഏഴ് പേർ മരിച്ചത്. കുടുംബശ്രീ വിനോദയാത്ര സംഘത്തിലെ പിറവം രാമമംഗലം കിഴക്കുമുറി സ്വദേശി സ്മിത, രാമമംഗലം ആശുപത്രിപ്പടിയിലെ ലത എന്നിവരാണ് മരിച്ച മലയാളികൾ. മുഖ്യമന്ത്രി സിദ്ധരാമയ്യ സ്ഥലം സന്ദർശിച്ചു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ഇന്നലെ ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരാഗ്ചിയുമായി ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം ഇരുവരും വിശദമായി ചർച്ച ചെയ്തതായി ഡോ. ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യ ബ്രിക്സ് രാജ്യങ്ങളുടെ ഡോളർവിരുദ്ധ നിലപാടിനെ തടഞ്ഞെന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇത്തരം വ്യാജ വാർത്തകൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന്

മന്ത്രാലയത്തിന്റെ വസ്തുതാന്വേഷണ വിഭാഗം ജനങ്ങളോട് ആവശ്യപ്പെട്ടു.

✪✪✪

സൈനികക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, കാർഷിക സർവകലാശാല VCയുമായ ഡോ.B അശോകിനെ സസ്പെൻഡ് ചെയ്തു. അനുമതിയില്ലാതെ മാധ്യമങ്ങളോട് സംസാരിച്ചതിനെത്തുടർന്നാണ് നടപടിയെന്ന് ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവിൽ വ്യക്തമാക്കി. ചാനൽ ചർച്ചകളിലടക്കം പങ്കെടുത്ത് ഗവൺമെന്റ് നയങ്ങളെ വിമർശിച്ചുവെന്നാണ് ആരോപണം.

✪✪✪

വയനാട് മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ് ഒന്നാം ഘട്ടത്തിലെ നിർമ്മാണം പൂർത്തിയായ 178 വീടുകളും ഇന്ന് കിഫ്കോണിനു കൈമാറും. വൈദ്യുതി- കുടിവെള്ള കണക്ഷനടക്കം എല്ലാ സജ്ജീകരണങ്ങളും പരിശോധനകളും പൂർത്തിയാക്കിയാണ് അന്തിമ പരിശോധനയ്ക്ക് വീടുകൾ കൈമാറുന്നത്. ഇതിനകം 140 വീടുകൾ കിഫ്കോണിനു കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 38 വീടുകളാണ് ഇന്ന് കൈമാറുന്നതെന്ന് ഊരാളുങ്കൽ സൊസൈറ്റി അറിയിച്ചു.

✪✪✪

കേരളത്തിലെ വൈദ്യുതി ഉപഭോഗം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ കഴിയാവുന്നത്ര വൈദ്യുതി ലാഭിക്കുന്നതിന് എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കണമെന്ന് ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ പ്രത്യേക സന്ദേശത്തിലൂടെ ജനങ്ങളോട് ആവശ്യപ്പെട്ടു. ഏറ്റവും കൂടുതൽ വൈദ്യുതി ആവശ്യമായ വൈകുന്നേര സമയങ്ങളിൽ അധിക വൈദ്യുതി ആവശ്യമായ എയർകണ്ടീഷണർ, വാഷിംഗ്മെഷീൻ എന്നിവയടക്കം ഉപകരണങ്ങളുടെ ഉപയോഗം നിയന്ത്രിക്കണം. പരമാവധി ഊർജ്ജം ലാഭിക്കുന്ന ഫൈവ്സ്റ്റാർ റേറ്റിംഗോടു കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കണമെന്നും പുനീത്കുമാർ സന്ദേശത്തിൽ അഭ്യർത്ഥിച്ചു.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയം സ്വാതി തിരുനാൾ സംഗീതോൽസവത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന സംഗീതാർച്ചന നാളെ തിരുവനന്തപുരത്തു നടത്തും. കോട്ടയ്ക്കകം

ലെവി ഹാളിലാണ് സംഗീതാർച്ചന. ആകാശവാണി നിലയങ്ങൾ തൽസമയം പരിപാടി പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നെടുമ്പാശ്ശേരി ഹജ്ജ് ക്യാമ്പ് ആരംഭിച്ചു. ക്യാംപ് ഹജ്ജ് കമ്മിറ്റി ചെയർമാൻ ഹുസൈൻ സഖാഫി ചുള്ളിക്കോട് ഉദ്ഘാടനം ചെയ്തു.

വിമാനത്താവളത്തിലെ സിയാൽ എയ്റോ പാർക്കിലാണ് ക്യാമ്പ് പ്രവർത്തിക്കുന്നത്. ആദ്യ ഹജ്ജ് വിമാനം ഉച്ചക്ക് 2.10 ന് 430 തീർത്ഥാടകരുമായി ജിദ്ദയിലേക്ക് പുറപ്പെടും. 20 സർവീസുകളാണ് കൊച്ചി എമ്പാർക്കേഷൻ പോയിന്റിൽ നിന്ന് ഏർപ്പെടുത്തിയിരിക്കുന്നത്. കണ്ണൂർ, കരിപ്പൂർ എന്നിവയടക്കം മൂന്ന് എമ്പാർക്കേഷൻ പോയിന്റുകളിൽ നിന്നുമായി 13,194 തീർത്ഥാടകരാണ് ഹജ്ജിന് പുറപ്പെടുന്നത്.

✪✪✪

കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്ത് പല ജില്ലകളിലും വരുംദിവസങ്ങളിൽ വേനൽ മഴ കൂടുതൽ ശക്തിപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

മുണ്ടത്തിക്കോട് വെടിക്കെട്ട്പുര സ്ഫോടനം അന്വേഷിക്കാൻ ഗവണ്മെന്റ് നിയമിച്ച ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് C.N രാമചന്ദ്രൻ നായർ ഇന്നലെ തൃശൂരിലെത്തി. ചികിത്സയിൽ കഴിയുന്നവരെ നേരിൽ കണ്ട അദ്ദേഹം, സംഭവസ്ഥലവും സന്ദർശിച്ചു.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

.............(വോയ്സ്)..................

✪✪✪

കാലടി സംസ്കൃത സർവകലാശാല പരീക്ഷാ കൺട്രോളറുടെയും, സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെയും ചുമതല വഹിച്ച ഡോ. ലിസി

മാത്യുവിനെതിരെ അച്ചടക്ക നടപടിയ്ക്ക് വൈസ് ചാൻസലർ ഉത്തരവിട്ടു. ചട്ടമ്പിസ്വാമി ജീവചരിത്ര ഗ്രന്ഥം പ്രകാശനവും, MFA യ്ക്ക് പ്രവേശനം നേടിയ BFA തോറ്റ വിദ്യാർത്ഥിയുടെയും വിഷയങ്ങൾ മുൻനിർത്തിയാണ് വൈസ് ചാൻസലർ ഡോ. സിസ തോമസിന്റെ നടപടി.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസിനെ ആറ് വിക്കറ്റിന് തകർത്തു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലായിരുന്നു മത്സരം.

ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ദോഹയിലേക്ക് ഇൻഡിഗോ സർവീസുകൾ നാളെ പുനഃരാരംഭിക്കും. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് കൊച്ചി, കണ്ണൂർ, ബംഗളുരു, ചെന്നൈ, മുംബൈ, ഹൈദരാബാദ്, മുംബൈ നഗരങ്ങളിൽ നിന്ന് ആഴ്ച്ചയിൽ നടത്തിയിരുന്ന 60-ലേറെ ഫ്ളൈറ്റുകൾ ആണ് പുനരാരംഭിക്കുന്നത്.

✪✪✪

ഇടുക്കി മുതിയാൻമലയിൽ നിന്ന് രണ്ടര കിലോയോളം കഞ്ചാവുമായി രണ്ടു പേരെ കാഞ്ഞാർ പോലീസ് പിടികൂടി. സിന്ധു കെ. ജോസഫ് , ഇവർക്കൊപ്പം താമസിക്കുന്ന മങ്കട സ്വദേശി സൂഫിയാൻ എന്നിവരാണ് അറസ്റ്റിലായത്.

✪✪✪

വയനാട് തൊണ്ടർനാട്ടിൽ വിദ്യാർത്ഥിക്കെതിരെ ലൈംഗികാതിക്രമം നടത്തിയ കേസിൽ താൽക്കാലികാധ്യാപകൻ മരുതോങ്കര സ്വദേശി ഫൈസലിനെ, പൊലീസ് അറസ്റ്റു ചെയ്തു. ഈ മാസമാണ് അതിക്രമമുണ്ടായത്.

✪✪✪

പതിനൊന്നുകാരിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ പ്രതിക്ക് കുന്നംകുളം പോക്സോ കോടതി അഞ്ച് വർഷം തടവും, 35,000 രൂപ

പിഴയും ശിക്ഷ വിധിച്ചു. തമിഴ്നാട് രാമനാഥപുരം സ്വദേശി ഗണേശൻ നടേശനാണ് കേസിലെ പ്രതി.

✪✪✪

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 101 അംഗ സ്വാഗതസംഘം രൂപീകരിച്ചു. മുളന്തുരുത്തിയിൽ ഓഗസ്റ്റ് 27 നാണ് മലങ്കര പള്ളിയോഗം.

✪✪✪

ജനാധിപത്യ പ്രക്രിയയിൽ നിന്ന് സ്ത്രീകളെ അകറ്റി നിർത്തുന്ന അജണ്ടയാണ് വനിതാ സംവരണ ബില്ലിനെ എതിർത്തതിലൂടെ കോൺഗ്രസ് നടപ്പാക്കാൻ ശ്രമിക്കുന്നതെന്ന് BJP സംസ്ഥാന വക്താവ് T.P സിന്ധു മോൾ പറഞ്ഞു. മഹിളാ മോർച്ച കോഴിക്കോട് സിറ്റി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധറാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത ആനന്ദ്*
*DEO : ഷീബ*